## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2879 — 22.02.2016 –ൽ മറുപടിക്ക്

## മിൽക്ക് ഷെഡ് വികസന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.ഹൈബി ഈഡൻ | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് മിൽക്ക് ഷെഡ് വികസന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നറിയിക്കാമോ; | (ബി) ക്ഷീരോല്പാദക മേഖലയിലേയ്ക്ക് കൂടുതൽ കർഷകരേയും പുതിയ സംരംഭകരേയും ആകർഷിക്കുന്നതിനും, പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും കർഷ-കരിൽ കാലിവളർത്തലിൽ ശാസ്ത്രീയ അവബോധം സൃഷ്ടിക്കുന്നതിനും വേണ്ടിയാണ് മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം എന്ന പദ്ധതി ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിവരുന്നത്. പ്രസ്തുത പദ്ധതി മുഖാന്തിരം തെരഞ്ഞെടുക്കപ്പെട്ട ക്ഷീരകർഷ-കർക്ക് 2 പശു,5 പശു, 10 പശു, 5 കിടാരി, 10 കിടാരി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും അവശ്യാധിഷ്ഠിത സഹായം, കറവയന്ത്രം, കാലിത്തൊഴുത്ത് നിർമ്മാണം എന്നീ വിവിധ ഇനങ്ങൾക്ക് ധനസഹായവും നല്കിവരുന്നു. എം.എസ്.ഡി.പി പദ്ധതിയിൽ ഉൾപ്പെടുത്തി ഇടുക്കി, കണ്ണൂർ, എറണാകുളം ജില്ലകളിൽ സംയോജിത ക്ഷീരവികസന പരിപാടിയും നടപ്പിലാക്കുന്നു. കൂടാതെ പ്രാദേശികമായി ക്ഷീരഗ്രാമ പദ്ധതിയും ഇതിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?. | (സി) | നടപ്പുവർഷം 36.25 കോടി രൂപ ഈയിനത്തിൽ വകയിരുത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന് ജില്ലകളിലേയ്ക്ക് ഫണ്ട് അനുവദിക്കുകയും ഉദ്യോഗസ്ഥർക്ക് വേണ്ട നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ